ജവഹർലാൽ നെഹ്രു ദേശീയ നഗര പുനരുദ്ധാരണ ദൗത്യം പദ്ധതി

116(324) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. എം. ദിനേശ്മണി :
ശ്രീ. എം. എം. മോനായി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവഹർലാൽ നെഹ്രു ദേശീയ നഗര പുനരുദ്ധാരണ ദൗത്യം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗര സഭകളിൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് ; ഓരോ പദ്ധതിയിലും ഇതിനകം എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) ഓരോ നഗരസഭയിലും ഇതിനകം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ഡി) ചേരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ വർഷം ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജവഹർലാൽ നെഹ്രു ദേശീയ നഗര പുനരുദ്ധാരണ ദൗത്യം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗര സഭകളിൽ കേരള സുസ്ഥിര നഗരവികസന പദ്ധതിയിലൂടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭ

1. ശുദ്ധജല വിതരണ പദ്ധതി
2. സീവറേജ് സ്കീം 1-ാം ഘട്ടം
3. സീവറേജ് സ്കീം 2-ാം ഘട്ടം
4. ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി
5. ഉപരിതല ജല നിർഗ്ഗമന പദ്ധതി
6. ആധുനിക ബസ്സുകൾ വാങ്ങുന്നതിനുള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി നഗര സഭ

1. ശുദ്ധജല വിതരണ പദ്ധതി

2. സീവറേജ് സ്കീം

3. ഉപരിതല ജല നിർഗ്ഗമന പദ്ധതി

4. ഖർമാലിന്യ നിർമ്മാർജ്ജനം

5. ആധുനിക ബസ്സുകൾ വാങ്ങുന്നതിനുള്ള പദ്ധതി

6. ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ

7. ഇ-ഗവേണൻസ്

8. കൊച്ചി നഗരത്തിലെ ബ്രോഡ് വേയും എറണാകുളം മാർക്കറ്റ് അടക്കമുള്ള പൈതൃകസംരക്ഷണവും നഗര പുനരുദ്ധാരണവും സംയുക്തമായുള്ള പദ്ധതി.

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉപപദ്ധതിയായ ബേസിക് സർവ്വീസസ് ടു ദ അർബൻ പുവർ (ബി.എസ്.യു.പി.) പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗര സഭകളുടെ 343.40 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 233.55 കോടി രൂപ കേന്ദ്രവിഹിതമാണ്. ഈ പദ്ധതിയിലൂടെ തിരുവനന്തപുരത്ത് 23 ചേരികളുടെയും കൊച്ചിയിൽ തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളിൽ ഉൾപ്പെടെ, 21 ചേരികളുടെയും സമഗ്ര വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. തിരുവനന്തപുരത്ത് 12393 ദരിദ്ര കുടുംബങ്ങൾക്ക് പുതിയ വീടുകളും കൊച്ചിയിൽ 10098 ദരിദ്ര കുടുംബങ്ങൾക്ക് പുതിയ വീടുകളും ലഭ്യമാകും.

(ബി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗര സഭകളുടെ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയും ഓരോ പദ്ധതിക്കും ഇതിനകം ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതികളുടെ നിർവഹണ കാലയളവ് 2005-2012 ആയതിനാൽ പ്രസ്തുത കാലയളവിനുള്ളിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) തിരുവനന്തപുരം, കൊച്ചി നഗരസഭകൾ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞു. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ആധുനിക രീതിയിലുള്ള ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്ന പ്രക്രിയ അവസാനഘട്ടത്തിലാണ്.

(ഇ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതികളുടെ നിർവ്വഹണ കാലയളവ് 2005-2012 ആയതിനാൽ പ്രസ്തുത കാലയളവിനുള്ളിൽ, അനുവദിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീയാകുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം, കൊച്ചി നഗരസഭകളുടെ ഖരമാലിന്യ പദ്ധതികളും കൊച്ചിയുടെ ഉപരിതല ജലനിർഗ്ഗമന പദ്ധതിയും ഈ വർഷം തന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ബി എസ്.യു.പി. പദ്ധതികൾ 2012 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.